Malayalamanorama 22-11-18, P-14

# പോളി ഹൗസിലെ ഇരട്ടിമധുരം



■ സംസ്ഥാന സർക്കാരിന്റെ യുവ ഹൈടെക് കർഷകനുള്ള പുരസ്കാരം ലഭിച്ച അനീഷ് എൻ. രാജ് പോളി ഹൗസിൽ തക്കാളിക്കൃഷി വിജയിപ്പിച്ചെടുത്ത കഥ...

**എം.ആർ. ഹരികുമാർ**

ബഹുരാഷ്ട്ര കമ്പനിയുടെ സീനിയർ ബിസിനസ് ഡവലപ്മെന്റ് മാനേജർ സ്ഥാനം ഉപേക്ഷിച്ചാണ് കൊല്ലം അഞ്ചൽ സ്വദേശി അനീഷ് എൻ. രാജ് കൃഷിയിലേക്കിറങ്ങിയത്.

കൃഷി വിജയിച്ചതിനു പുറമേ, അനീഷിന്റെ പരീക്ഷണങ്ങളും വിജയിച്ചപ്പോൾ അദ്ദേഹത്തെ തേടിയെത്തിയതു സംസ്ഥാന സർക്കാരിന്റെ യുവ ഹൈടെക് കർഷകനുള്ള പുരസ്കാരം.

സ്വാഭാവിക പരാഗവാഹികളുടെ അഭാവം മൂലം ലാഭകരമാവില്ലെന്നു കരുതിയിരുന്ന പോളി ഹൗസിലെ തക്കാളിക്കൃഷി വിജയകരമായി നടത്തിയാണ് അനീഷ് ശ്രദ്ധേയനാവുന്നത്.

## ■ പോളി ഹൗസിലെ തേനീച്ച പരീക്ഷണം

പോളി ഹൗസുകൾക്കുള്ളിൽ തേനീച്ചകളോ മറ്റു പ്രാണികളോ കടക്കാതെ സൂക്ഷിക്കുകയാണ് പതിവ്. പരപരാഗണം ആവശ്യമുള്ള കൃഷികൾ പോളി ഹൗസിൽ വിജയിക്കാൻ പാടാണ്. പോളി ഹൗസിൽ തേനീച്ചയെ വളർത്താനായാൽ തക്കാളിക്കൃഷി വിജയിക്കുമെന്ന് ഉറപ്പായിരുന്നു. എന്നാൽ ചൂടേറിയ അന്തരീക്ഷത്തിൽ തേനീച്ച വളരില്ല. മാത്രമല്ല, പോളി ഹൗസിനുള്ളിലെ ചെടികളിൽ നിന്നു മാത്രം ഇവയ്ക്ക് ആവശ്യത്തിനുള്ള തേൻ കണ്ടെത്താനായില്ലെങ്കിൽ നശിച്ചു പോകുകയും ചെയ്യും. ഈ സമസ്യയ്ക്കുള്ള മറുപടിയായിരുന്നു ബംബിൾബീ എന്ന തേനീച്ചയിനം.

അർക്കാ രക്ഷക് ഇനത്തിലുള്ള തക്കാളി കൃഷി ചെയ്തു. ഒരു കൂടു തേനീച്ചകളെ പോളിഹൗസിനുള്ളിൽ വച്ചു പരീക്ഷണം തുടങ്ങി. ഹരിതമറ ഒരുക്കി ചൂടു നിയന്ത്രിച്ചു. തേനീച്ചകൾ പട്ടിണിയാകാതിരിക്കാൻ പഞ്ചസാരലായനി കലക്കി വച്ചു.

അദ്ഭുതാഹമായിരുന്നു ഫലം. തക്കാളി നൂറുമേനി വിളഞ്ഞു. ഒപ്പം ബോണസായി തേനും. അനീഷിന്റെ ലാഭത്തിന്റെ ഇരട്ടിമധുരം.

*അനീഷിന്റെ ഫോൺ :*
*94962 09877*